| 12–11–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ അലങ്കരിക്കുന്നതിനുവേണ്ടി, ഏറ്റവും നല്ല അലങ്കാരമാണ് പവിത്രതയുടേത്.**

**ചോദ്യം** – പൂർണ്ണമായും 84 ജന്മം എടുക്കുന്നവരുടെ മുഖ്യമായ അടയാളം എന്തായിരിക്കും?
**ഉത്തരം** –1. അവർ അച്ഛനോടൊപ്പം ടീച്ചർ, സദ്ഗുരു മൂന്ന് പേരെയും ഓർമ്മിക്കും. അച്ഛനെ ഓർമ്മിക്കുമ്പോൾ ടീച്ചറെ മറക്കില്ല. മൂന്നുപേരെയും ഓർമ്മിക്കുമ്പോഴേ കൃഷ്ണപുരിയിലേയ്ക്ക് പോകാൻ സാധിക്കൂ, അതായത് തുടക്കം മുതൽ പാർട്ടഭിനയിക്കാൻ സാധിക്കൂ. 2. അവരെ ഒരിക്കലും മായയുടെ കൊടുങ്കാറ്റിന് തോൽപ്പിക്കാൻ സാധിക്കുകയില്ല.

**ഓം ശാന്തി**. ബാബ ആദ്യം തന്നെ കുട്ടികളോട് പറയുകയാണ് ഈ കാര്യം മറന്നു പോകുന്നില്ലല്ലോ– ഞാൻ അച്ഛന്റെ മുന്നിൽ, ടീച്ചറുടെ മുന്നിൽ, സദ്ഗുരുവിന്റെ മുന്നിലാണിരിക്കുന്നത്. എല്ലാവരും ഈ ഓർമ്മയിലാണ് ഇരിക്കുന്നതെന്ന് ബാബ കരുതുന്നില്ല. എങ്കിലും മനസ്സിലാക്കി തരിക എന്നത് ബാബയുടെ കടമയാണ്. ഇതാണ് അർത്ഥസഹിതം ഓർമ്മിക്കുക എന്നത്. നമ്മുടെ ബാബ അച്ഛനുമാണ്, ടീച്ചറുമാണ് കൂടാതെ കുട്ടികളെ കൂടെ കൂട്ടി കൊണ്ടുപോകുന്ന സദ്ഗുരുവുമാണ്. ബാബ വന്നിരിക്കുന്നത് തന്നെ കുട്ടികളെ അലങ്കരിക്കുവാനാണ്. പവിത്രതയാൽ അലങ്കരിക്കുവാനാണ് വന്നിരിക്കുന്നത്. അളവില്ലാത്ത ധനവും നൽകുന്നുണ്ട്. നിങ്ങൾക്ക് പോകാനുള്ള പുതിയ ലോകത്തിലേക്ക് വേണ്ടിയുള്ള ധനമാണ് നൽകുന്നത്. കുട്ടികൾക്കിത് ഓർമ്മ ഉണ്ടായിരിക്കണം. കുട്ടികൾ തെറ്റ് ചെയ്യുമ്പോൾ എല്ലാം മറന്നു പോകുന്നു. പൂർണ്ണമായി ഉണ്ടായിരിക്കേണ്ട സന്തോഷം കുറഞ്ഞുപോകുന്നു. ഇങ്ങനെയുള്ള അച്ഛനെ ഒരിക്കലും ലഭിക്കുകയില്ല. തീർച്ചയായും നമ്മൾ ബാബയുടെ കുട്ടികളാണെന്ന് നിങ്ങൾക്കറിയാം. ബാബ നമ്മളെ പഠിപ്പിക്കുകയാണ്, അതുകൊണ്ട് തീർച്ചയായും ടീച്ചറും വേണം. പുതിയ ലോകമായ അമര പുരിയിലേക്ക് വേണ്ടിയാണ് നമ്മൾ പഠിക്കുന്നത്. ഇപ്പോൾ നമ്മൾ സംഗമയുഗത്തിലാണിരിക്കുന്നത്. ഈ ഓർമ്മ തീർച്ചയായും കുട്ടികൾക്കുണ്ടായിരിക്കണം. നന്നായി ഓർമ്മിക്കണം. ഈ സമയം കംസപുരിയായ ആസുരീയ ലോകത്തിലാണ് എന്നതും നിങ്ങൾക്കറിയാം. ചിലർക്ക് സാക്ഷാത്ക്കാരം ഉണ്ടാകാറുണ്ട് പക്ഷെ സാക്ഷാത്ക്കാരത്തിലൂടെ ആർക്കും കൃഷ്ണപുരി, കൃഷ്ണന്റെ രാജധാനിയിലേയ്ക്ക് പോകാൻ കഴിയുകയില്ല എന്നത് മനസ്സിലാക്കണം. എപ്പോഴാണോ അച്ഛൻ, ടീച്ചർ, സദ്ഗുരു മൂന്നുപേരെയും ഓർമ്മിക്കുന്നത് അപ്പോഴെ പോകാൻ സാധിക്കുകയുള്ളൂ. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ശരി ബാബാ എന്ന് ആത്മാക്കളും പറയുന്നു. ബാബാ അങ്ങ് സത്യമാണ് പറയുന്നത്. അങ്ങ് അച്ഛനുമാണ്, പഠിപ്പിക്കുന്ന ടീച്ചറുമാണ്. പരമാത്മാവാണ് പഠിപ്പിക്കുന്നത്. ലൗകിക പഠനവും ആത്മാവ് തന്നെയാണ് ശരീരത്തോടൊപ്പം പഠിപ്പിക്കുന്നത്. പക്ഷെ ആ ആത്മാവും പതിതമാണ് ശരീരവും പതിതമാണ്. ഞങ്ങൾ നരകവാസികളാണ് എന്ന് ലോകത്തിലെ മനുഷ്യർക്ക് അറിയുകയില്ല.

ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മളിപ്പോൾ നമ്മുടെ വീട്ടിലേക്ക് പോവുകയാണെന്ന്. ഇത് നിങ്ങളുടെ വീടല്ല. ഇത് രാവണന്റെ വീടാണ്. നിങ്ങളുടെ വീട്ടിൽ അപാര സുഖമുണ്ട്. ഞങ്ങൾ അന്യരാജ്യത്താണെന്ന് രാഷ്ട്രീയത്തിലുള്ളവർ മനസ്സിലാക്കുന്നില്ല. മുമ്പ് മുസ്ലിം രാജാക്കന്മാരുടെ ഭരണമായിരുന്നു പിന്നീട് ക്രിസ്ത്യൻ രാജാക്കന്മാരുടെയും. നാം നമ്മുടെ രാജ്യത്തിലേയ്ക്ക് പോവുകയാണെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. മുമ്പ് രാവണ രാജ്യത്തെ തന്റെ രാജ്യമാണ് എന്ന് മനസ്സിലാക്കി ജീവിച്ചു. നമ്മളാദ്യം രാമരാജ്യത്തിലായിരുന്നു എന്ന കാര്യം മറന്നു പോയി. പിന്നീട് 84 ജന്മങ്ങളുടെ ചക്രത്തിൽ വന്നതു കൊണ്ട് രാവണ രാജ്യത്തിൽ, ദുഖത്തിലകപ്പെട്ടു. അന്യ രാജ്യത്തിൽ ദുഖം മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. ഈ മുഴുവൻ ജ്ഞാനവും ഉള്ളിൽ വരണം. തീർച്ചയായും അച്ഛനെ ഓർമ്മ വരും. പക്ഷെ മൂന്ന് പേരെയും ഓർമ്മിക്കണം. ഈ ജ്ഞാനമെല്ലാം മനുഷ്യർക്കെ എടുക്കാൻ സാധിക്കൂ. മൃഗങ്ങൾ പഠിക്കുന്നില്ല. സത്യയുഗത്തിൽ വക്കീൽ മുതലായ പഠിപ്പൊന്നും ഉണ്ടായിരിക്കുകയില്ല എന്നതും നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. ബാബ ഇവിടെ നിന്ന് തന്നെ എല്ലാവരെയും വളരെ സമ്പന്നരാക്കി മാറ്റുന്നുണ്ടെങ്കിലും എല്ലാവരും രാജാവൊന്നുമാകുന്നില്ല. വ്യാപാരവും നടക്കും പക്ഷെ അവിടെ നിങ്ങൾക്ക് അളവറ്റ ധനം ഉണ്ടായിരിക്കും. നഷ്ടം മുതലായവയൊന്നും സംഭവിക്കുന്ന കാര്യമേയില്ല. അവിടെ കൊള്ളയും കൊലയുമൊന്നും ഉണ്ടാവുകയില്ല. പേര് തന്നെ സ്വർഗമെന്നാണ്. നമ്മൾ സ്വർഗത്തിലായിരുന്നു പിന്നീട് പുനർ ജന്മം എടുത്തെടുത്ത് താഴെ ഇറങ്ങി വന്നു എന്ന് നിങ്ങൾക്കിപ്പോൾ ഓർമ്മ വരുന്നുണ്ട്. ബാബ കഥ പറയുന്നതും അവരോട് തന്നെയാണ്. 84 ജന്മമെടുക്കുന്നില്ലായെങ്കിൽ മായ തോൽപ്പിക്കും. ഇതും ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. മായയുടെത് വളരെ വലിയ കൊടുങ്കാറ്റാണ്. അനേകരെ

മായ തോല്പിക്കാനായി പരിശ്രമിക്കുന്നുണ്ട്, മുന്നോട്ട് പോകുമ്പോൾ നിങ്ങൾ ഒരുപാട് കാണുകയും കേൾക്കുകയും ചെയ്യും. ബാബയുടെയടുത്ത് എല്ലാവരുടെയും ചിത്രം ഉള്ളതുകൊണ്ട് നിങ്ങൾക്ക് അദ്ഭുതം കാണിച്ചുതരാൻ കഴിയും – ഇന്നയാൾ ഇത്രയും ദിവസം വന്നു, ബാബയുടെതായി മാറി പിന്നീട് മായ വിഴുങ്ങി. മരിച്ചു, മായയോടൊപ്പം പോയി. ഇവിടെ ആരെങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ ഈ ലോകത്ത് തന്നെ വന്ന് ജന്മമെടുക്കുന്നു. നിങ്ങൾ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ ബാബയോടൊപ്പം പരിധിയില്ലാത്ത വീട്ടിലേയ്ക്ക് പോകുന്നു. അവിടെ ബാബയും മമ്മയും കുട്ടികളും എല്ലാവരും ഉണ്ടാകും. കുടുംബവും അങ്ങനെ തന്നെയായിരിക്കും. മൂലവതനത്തിൽ അച്ഛനും സഹോദരങ്ങളും, മറ്റൊരു സംബന്ധവും ഉണ്ടായിരിക്കുകയില്ല. ഇവിടെ അച്ഛനും സഹോദരീ സഹോദരനും. പിന്നെ വൃദ്ധി പ്രാപിക്കുന്നു. ചെറിയച്ഛൻ, അമ്മാവൻ മുതലായ സംബന്ധങ്ങൾ ഉണ്ടാകുന്നു. ഈ സംഗമയുഗത്തിൽ നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെതായി മാറി കഴിയുമ്പോൾ സഹോദരി– സഹോദരനാണ്. ശിവബാബയെ ഓർമ്മിക്കുമ്പോൾ സഹോദര– സഹോദരനാണ്. ഈ എല്ലാ കാര്യങ്ങളും നല്ല രീതിയിൽ ഓർമ്മിക്കണം. അനേകം കുട്ടികൾ മറന്നു പോകുന്നുണ്ട്. ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. അച്ഛന്റെ കടമ കുട്ടികളെ തലയിൽ വയ്ക്കുക എന്നതാണ്, അതിനാലാണ് നമസ്തേ നമസ്തേ പറഞ്ഞുകൊണ്ടിരിക്കുന്നത്. അർത്ഥവും പറഞ്ഞു തരുന്നുണ്ട്. ഭക്തി ചെയ്യുന്ന സാധു – സന്യാസിമാർ ആർക്കും ജീവൻ മുക്തിക്കുള്ള വഴിയൊന്നും പറഞ്ഞു കൊടുക്കുന്നില്ല, അവരും മുക്തിക്ക് വേണ്ടിയുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ നിവൃത്തി മാർഗത്തിലുള്ളവരാണ്. അവരെങ്ങനെയാണ് രാജയോഗം പഠിപ്പിക്കുക. രാജയോഗം പ്രവൃത്തിമാർഗത്തിലുള്ളവർക്കാണ്. പ്രജാപിതാ ബ്രഹ്മാവിന് 4 കൈകൾ കാണിച്ചിരിക്കുന്നത് പ്രവൃത്തിമാർഗത്തിലുള്ളതു കൊണ്ടാണല്ലോ. ഇവിടെ ബാബ ഇവരെ ദത്തെടുത്തതുകൊണ്ട് ബ്രഹ്മാ, സരസ്വതി എന്ന് പേര് വെച്ചിരിക്കുന്നു. ഡ്രാമയിലടങ്ങിയിരിക്കുന്നത് എങ്ങനെയാണെന്ന് നോക്കൂ. 60 വർഷങ്ങൾക്കു ശേഷം വാനപ്രസ്ഥ അവസ്ഥയിലെത്തുമ്പോഴാണ് മനുഷ്യർ ഗുരുവിനെ സ്വീകരിക്കുന്നത്. ഇദ്ദേഹത്തിലും 60 വയസ്സ് കഴിഞ്ഞ ശേഷമാണ് ബാബ പ്രവേശിക്കുന്നത്, അപ്പോൾ അച്ഛനും ടീച്ചറും സദ്ഗുരുവുമാകുന്നു. ഇപ്പോളാണെങ്കിൽ നിയമങ്ങൾ തന്നെ തെറ്റിയിരിക്കുന്നു. ചെറിയ കുട്ടികളെ പോലും ഗുരുവാക്കി മാറ്റുന്നു. ബാബ നിരാകാരനാണ്. നിങ്ങൾ ആത്മാക്കൾക്ക് ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. നിരാകാരി ലോകത്തെ ആത്മാക്കളുടെ ലോകമെന്ന് പറയുന്നു. ലോകം തന്നെ ഇല്ല എന്നൊന്നും പറയാൻ സാധ്യമല്ല. ശാന്തിധാമമെന്ന് പറയുന്നു. അവിടെ ആത്മാക്കളാണ് വസിക്കുന്നത്. അഥവാ പരമാത്മാവിന് പേര്, രൂപം, കാലം ഒന്നും ഇല്ലായെങ്കിൽ കുട്ടികൾ എവിടെ നിന്നാണ് വരുന്നത്.

ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കിപ്പോൾ മനസ്സിലായി. ചരിത്രം ചൈതന്യത്തിനാണുള്ളത്, ഭൂമിശാസ്ത്രം ജഢവസ്തുവും. നമ്മൾ ഏതു കാലഘട്ടം വരേക്കും രാജ്യം ഭരിക്കുന്നുണ്ടെന്ന് നമ്മുടെ ആത്മാവിന്നറിയാം. ചരിത്രം പാടപ്പെടുന്നുണ്ട് അതിനെ കഥയെന്ന് പറയുന്നു. ദേശത്തിന്റേതാണ് ഭൂമിശാസ്ത്രം. ചൈതന്യം രാജ്യം ഭരിക്കുന്നു, ജഡം രാജ്യം ഭരിക്കുന്നില്ല. ഇന്നയാളുടെ രാജ്യമുണ്ടായിരുന്നത് എത്ര സമയം വരെയാണ്, ക്രിസ്ത്യാനികൾ ഭാരതത്തിൽ എപ്പോൾ മുതൽ എപ്പോൾ വരെ രാജ്യം ഭരിച്ചു. ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവുമൊന്നും ആരും അറിയുന്നില്ല. സത്യയുഗത്തിന് ലക്ഷക്കണക്കിന് വർഷമുണ്ടെന്ന് പറയുന്നു. അവിടെ ആര്, എത്ര സമയം രാജ്യം ഭരിച്ചു– ഇതാർക്കും അറിയുകയില്ല. ഇതിനെയാണ് ചരിത്രമെന്ന് പറയുന്നത്. ആത്മാവ് ചൈതന്യവും ശരീരം ജഢവുമാണ്. മുഴുവൻ കളിയും ജഢത്തിന്റെയും ചൈതന്യത്തിന്റെയുമാണ്. മനുഷ്യ ജീവിതം തന്നെയാണ് ഉത്തമമെന്ന് പാടുന്നുണ്ട്. കണക്കെടുക്കുന്നതും മനുഷ്യന്റെയാണ്. മൃഗങ്ങളുടെ കണക്കെടുക്കാനൊന്നും സാധിക്കുകയില്ല. നിങ്ങളിലാണ് മുഴുവൻ കളിയും നടക്കുന്നത്. ചരിത്രവും ഭൂമിശാസ്ത്രവും നിങ്ങളാണ് കേൾക്കുന്നത്. ബാബ ബ്രഹ്മാ ശരീരത്തിൽ വന്ന് നിങ്ങൾക്ക് എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരുന്നു, പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമെന്ന് ഇതിനെയാണ് പറയുന്നത്. ഈ ജ്ഞാനം ഇല്ലാത്തതു കാരണം നിങ്ങൾ വിവേകമില്ലാത്തവരായി മാറി. മനുഷ്യനായി ജനിച്ച് ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അറിയുന്നില്ലായെങ്കിൽ ആ മനുഷ്യനെ കൊണ്ട് എന്താണ് പ്രയോജനം. ഇപ്പോൾ ബാബയിലൂടെ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും കേട്ടു കൊണ്ടിരിക്കുകയാണ്. ഈ പഠിപ്പ് വളരെ നല്ലതാണ്, ആരാണ് പഠിപ്പിക്കുന്നത്? ബാബ. ഉയർന്നതിലും ഉയർന്ന പദവി തരുന്നത് ബാബയാണ്. ഈ ലക്ഷ്മീ നാരായണനും അവരോടൊപ്പം സ്വർഗത്തിൽ വസിക്കുന്നവരുടെയും പദവി ഉയർന്നതിലും ഉയർന്നതാണല്ലോ. അവിടെ വക്കീൽപണിയൊന്നും ഇല്ല. അവിടെ കേവലം പഠിക്കുക മാത്രമാണ് ചെയ്യുന്നത്. വിദ്യ പഠിക്കാതെ വീടെല്ലാം ഉണ്ടാക്കുന്നതെ ങ്ങനെയാണ്? പരസ്പരം ശില്പ വിദ്യ പഠിപ്പിക്കുന്നു. അല്ലെങ്കിൽ ഇത്രയും വീടുകളെല്ലാം ആരാണ് ഉണ്ടാക്കുന്നത്? താനേയൊന്നും ഉണ്ടാവുകയില്ല. ഈ എല്ലാ കാര്യങ്ങളും നമ്പർവൈസ്

പുരുഷാർത്ഥമനുസരിച്ചാണ് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലും ഇരിക്കുന്നത്. നമ്മൾ എത്ര സമയം രാജ്യം ഭരിച്ചിരുന്നു, പിന്നീട് രാവണരാജ്യത്തിലേയ്ക്ക് വന്നു, ഈ ചക്രം കറങ്ങി കൊണ്ടിരിക്കുകയാണ് എന്നതെല്ലാം നിങ്ങൾക്ക് അറിയാം. നമ്മൾ രാവണ രാജ്യത്തിലാണ് എന്ന കാര്യം ലോകത്തിലുള്ളവർക്ക് അറിയുകയില്ല. ബാബാ ഞങ്ങളെ രാവണ രാജ്യത്തു നിന്ന് മോചിപ്പിക്കൂ എന്ന് പറയുന്നു. കോൺഗ്രസ്സുകാർ ക്രിസ്ത്യൻ രാജ്യത്തു നിന്നും തങ്ങളെ മോചിപ്പിച്ചു. ഗോഡ് ഫാദർ ഞങ്ങളെ മോചിപ്പിക്കൂ എന്ന് ഇപ്പോൾ വീണ്ടും പറയുന്നു. നിങ്ങൾക്ക് സ്മൃതി വരുന്നുണ്ടല്ലോ, ഇങ്ങനെ പറയുന്നതെന്തുകൊണ്ടാണ് എന്ന് ആരും അറിയുന്നില്ല. മുഴുവൻ സൃഷ്ടിയിലും രാവണരാജ്യമാണ്, രാമരാജ്യം വേണമെന്ന് എല്ലാവരും പറയുന്നുണ്ട് അപ്പോൾ മോചിപ്പിക്കുന്നത് ആരാണ് എന്ന കാര്യം ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. ഗോഡ് ഫാദർ ലിബറേറ്റ് ചെയ്ത്(മുക്തമാക്കി) ഗൈഡായി മാറി കൂടെ കൂട്ടികൊണ്ടുപോകുമെന്ന് മനസ്സിലായി. ഭാരതവാസികൾക്ക് ഇത്രപോലും ബുദ്ധിയില്ല. ഇവർ തികച്ചും തമോപ്രധാനമാണ്. അവർ (വിദേശികൾ) ഇത്രയും ദുഃഖവും അനുഭവിക്കുന്നില്ല, സുഖവും ഇത്രയ്ക്ക് അനുഭവിക്കുന്നില്ല. ഭാരതവാസികൾ വളരെയധികം സുഖികളുമാകുന്നുണ്ട് ദുഃഖികളുമാകുന്നുണ്ട്. കണക്കല്ലേ. ഇപ്പോൾ വളരെയധികം ദുഖമാണ്. ആരാണോ ധാർമ്മിക ചിന്താഗതിയുള്ളവർ അവർ ഓർമ്മിക്കുന്നു– ഓ ഗോഡ് ഫാദർ, ലിബറേറ്റർ. ബാബ വന്ന് നമ്മുടെ ദുഃഖത്തെ ഇല്ലാതാക്കി സുഖധാമത്തിലേയ്ക്ക് കൂട്ടി കൊണ്ട് പോകുമെന്ന് നിങ്ങളുടെ മനസ്സിലുമുണ്ട്. ശാന്തിധാമിലേയ്ക്ക് കൊണ്ടു പോകൂ എന്ന് അവർ പറയും. ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ടു പോകൂ എന്ന് നിങ്ങൾ പറയും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് അതുകൊണ്ട് വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. ഭക്തിമാർഗത്തിൽ കാതിന് ഇമ്പം തരുന്ന ഒരുപാട് കാര്യങ്ങളുണ്ട്. യാഥാർത്ഥ്യമുള്ളതായി ഒന്നും തന്നെയില്ല. ആട്ടയിൽ ചേർത്ത ഉപ്പ് പോലെയാണ്. ചണ്ഡികാ ദേവിയുടെ മേളയും നടത്താറുണ്ട്. ഇപ്പോൾ ചണ്ഡികകളുടെ മേള നടത്തുന്നതെന്തിനാണ്? ചണ്ഡികയെന്ന് ആരെയാണ് പറയുന്നത്? ചണ്ഡാളന്മാരുടെ ജന്മവും ഇവിടെ തന്നെയാണ് നടക്കുന്നതെന്ന് ബാബ പറഞ്ഞു തന്നു. ഇവിടെ വസിച്ച്, കഴിച്ച്, കുടിച്ച്, എന്തങ്കിലും കൊടുത്തിട്ട് പിന്നീട് പറയും – ഞങ്ങൾ തന്നത് ഞങ്ങൾക്ക് തിരിച്ച് തരൂ. ഞങ്ങൾ അംഗീകരിക്കുന്നില്ല. സംശയം വരുകയാണെങ്കിൽ അവർ എന്താവാനാണ്? ഇങ്ങനെയുള്ള ചണ്ഡികകളുടെ മേളയും നടത്താറുണ്ട്. എങ്കിലും സത്യയുഗി ആകുമല്ലോ. കുറച്ചു സമയമെങ്കിലും സഹായിയായി മാറിയിട്ടുണ്ടെങ്കിൽ സ്വർഗത്തിൽ വരും. ഭക്തർക്ക് ഇതൊന്നും അറിയുകയില്ല, ആരുടെ പക്കലും ജ്ഞാനമില്ല. അത് ചിത്രങ്ങളുടെ ഗീതയാണ്, വളരെയധികം പണം സമ്പാദിക്കുന്നു. ഇന്നത്തെ കാലത്ത് എല്ലാവർക്കും ചിത്രങ്ങളോടാണ് പ്രിയം ഉണ്ടാവുന്നത്. അതിനെ കലയെന്നാണ് കരുതുന്നത്. മനുഷ്യർക്കെന്തറിയാം ദേവതകളുടെ ചിത്രം എങ്ങനെയിരിക്കുമെന്ന്? നിങ്ങൾ യഥാർത്ഥത്തിൽ എത്ര ഫസ്റ്റ് ക്ലാസായിരുന്നു.പിന്നീട് എന്തായിമാറി.സത്യയുഗത്തിൽ അന്ധനും ബധിരനുമൊന്നും ഉണ്ടായിരിക്കുകയില്ല. ദേവതകൾക്ക് സ്വാഭാവിക ശോഭയായിരിക്കും. അവിടെ നാച്യുറൽ ബ്യൂട്ടിയായിരിക്കും. അതിനാൽ ബാബ എല്ലാം മനസ്സിലാക്കി തന്നുകൊണ്ട് പറയുകയാണ് – കുട്ടികളെ, ബാബയെ ഓർമ്മിക്കൂ. ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. മൂന്ന് രൂപത്തിലും ഓർമ്മിക്കുക യാണെങ്കിൽ മൂന്ന് തരത്തിലുള്ള സമ്പത്തും ലഭിക്കും. പിന്നീട് വരുന്നവർക്ക് മൂന്ന് രൂപത്തിൽ ഓർമ്മിക്കുവാൻ സാധിക്കുകയില്ല. അവർ മുക്തിയിലേക്ക് പോകും.

സൂക്ഷ്മവതനത്തിൽ എന്തെല്ലാം കാണുന്നുവോ അതെല്ലാം സാക്ഷാത്ക്കാരത്തിന്റെ കാര്യങ്ങളാണെന്ന് ബാബ മനസ്സിലാക്കി തരുന്നു. ബാക്കി ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം ഇവിടുത്തെയാണ്. ഇതിന്റെ ആയുസ്സ് ആർക്കും അറിയുകയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നുണ്ട്, പിന്നീട് ആർക്കു വേണമെങ്കിലും നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം. ബാബ പരിധിയില്ലാത്ത പരമമായ പിതാവാണ്. ലൗകിക അച്ഛനെ പരമാത്മാവ് അല്ലെങ്കിൽ സുപ്രീം ആത്മാവ് എന്നൊരിക്കലും പറയാൻ സാധിക്കില്ല. സുപ്രീം ഒരാൾ മാത്രമാണ്. ബാബയെയാണ് ഭഗവാൻ എന്ന് പറയുന്നത്. ബാബ നോളജ്ഫുൾ ആയതു കാരണം നിങ്ങളെയും ജ്ഞാനം പഠിപ്പിക്കുന്നു. ഈ ഈശ്വരീയ ജ്ഞാനം വരുമാനമാർഗമാണ്. ജ്ഞാനത്തിൽ തന്നെ ഉത്തമരും മദ്ധ്യമരും കനിഷ്ഠരുമുണ്ട്. ബാബ ഉയർന്നതിലും ഉയർന്നതാണെങ്കിൽ പഠിപ്പും ഉയർന്നതിലും ഉയർന്നതാണ്, പദവിയും ഉയർന്നതിലും ഉയർന്നതാണ്. ചരിത്രവും ഭൂമിശാസ്ത്രവും പെട്ടെന്ന് മനസ്സിലാക്കാം. ബാക്കി ഓർമ്മയുടെ യാത്രയിലാണ് യുദ്ധം നടക്കുന്നത്. ഇതിൽ നിങ്ങൾ തോറ്റു പോവുകയാണെങ്കിൽ ജ്ഞാനത്തിലും തോറ്റു പോവുകയാണ്. തോറ്റ് പിന്നീട് ഓടിപോകുന്നു, അതോടെ ജ്ഞാനത്തിൽ നിന്ന് തന്നെ ഓടി പോകുന്നു. പിന്നെ എങ്ങനെയായിരുന്നോ അതുപോലെയാവുന്നു, അഥവാ അതിനെക്കാളും മോശമാകുന്നു. ബാബയുടെ മുന്നിൽ പെരുമാറ്റത്തിലൂടെ ദേഹാഭിമാനം തെളിഞ്ഞു കാണുന്നു. ബ്രാഹ്മണരുടെ മാലയും ഉണ്ട്. പക്ഷെ എന്തു കൊണ്ടാണ് ഞാൻ നമ്പർവൈസായി ഇവിടെ ഇരിക്കുന്നത് എന്ന് പലർക്കും അറിയില്ല. ദേഹാഭിമാനം ഉണ്ടല്ലോ. നിശ്ചയം ഉള്ളവർക്കാണെങ്കിൽ തീർച്ചയായും അപാര

സന്തോഷമുണ്ടായിരിക്കും. ഞാൻ ഈ ശരീരം ഉപേക്ഷിച്ചാൽ രാജാവായി മാറും എന്നാർക്കാണ് നിശ്ചയമുള്ളത്? (എല്ലാവരും കൈ ഉയർത്തി) കുട്ടികൾക്ക് ഇത്രയും സന്തോഷം ഉണ്ടാകുന്നു. നിശ്ചയം ഉള്ളതിനാൽ ഇനി നിങ്ങളിൽ പൂർണ്ണമായും ദൈവീക ഗുണങ്ങളും കാണപ്പെടണം. നിശ്ചയബുദ്ധി അർത്ഥം വിജയമാലയിൽ കോർക്കപ്പെടുന്നവർ. അതായത് ചക്രവർത്തിയായി മാറുന്നവർ. തീർച്ചയായും ഇങ്ങനെയൊരു ദിവസം വരും, മറ്റെല്ലാ തീർത്ഥാടനങ്ങളും ഉപേക്ഷിച്ച് വിദേശീയരെല്ലാവരും ആബുവിൽ എത്തി ചേരും. അവർ ഭാരതത്തിലെ രാജയോഗം പഠിക്കാൻ ആഗ്രഹിക്കുന്നു. ആരാണ് സ്വർഗം സ്ഥാപിച്ചത്? പുരുഷാർത്ഥം ചെയ്യുന്നുണ്ട്, കല്പം മുമ്പും നടന്നിട്ടുണ്ടെങ്കിൽ തീർച്ചയായും മ്യൂസിയം ഉണ്ടാകും. ഇങ്ങനെയുള്ള പ്രദർശിനി സദാ കാലത്തേയ്ക്ക് വെയ്ക്കാൻ ആഗ്രഹിക്കുന്നു എന്ന് മനസ്സിലാക്കി കൊടുക്കണം. നാലഞ്ച് വർഷത്തേയ്ക്ക് കെട്ടിടം ലീസിനെടുത്തും പ്രദർശിനി വെക്കാൻ സാധിക്കും. നമ്മൾ ഭാരതത്തിന്റെ സേവനം ചെയ്യുകയാണ്, ഭാരതത്തെ സുഖധാമമാക്കി മാറ്റുന്നതിന് വേണ്ടി. ഇതിലൂടെ അനേകരുടെ മംഗളമുണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. അപാര സന്തോഷത്തിലിരിക്കുന്നതിനു വേണ്ടി സദാ സ്മൃതിയുണ്ടായിരിക്കണം, സ്വയം ബാബ നമ്മളെ അലങ്കരിച്ചു കൊണ്ടിരിക്കുകയാണ്, നമുക്ക് അളവില്ലാത്ത സമ്പാദ്യം നൽകുകയാണ്. നമ്മൾ പുതിയ ലോകം അമരപുരിയിലേക്കു വേണ്ടി പഠിച്ചു കൊണ്ടിരിക്കുകയാണ്.

2. വിജയ മാലയിൽ കോർക്കപ്പെടുന്നതിനു വേണ്ടി നിശ്ചയബുദ്ധിയായി മാറി ദൈവീക ഗുണങ്ങളെ ധാരണ ചെയ്യണം. എന്ത് കൊടുത്തുവോ അത് തിരിച്ചെടുക്കാനുള്ള സങ്കല്പം ഒരിക്കലും വരരുത്. സംശയബുദ്ധിയായി മാറി തന്റെ പദവി നഷ്ടപ്പെടുത്തരുത്.

## വരദാനം: ക്രോധി ആത്മാവിന് ദയയുടെ ശീതള ജലത്തിലൂടെ ഗുണദാനം നൽകുന്ന വരദാനി ആത്മാവായി ഭവിക്കട്ടെ.

താങ്കളുടെ മുന്നിൽ ആരെങ്കിലും ക്രോധാഗ്നിയിൽ എരിഞ്ഞു കൊണ്ട് വന്നാൽ, താങ്കളെ ആക്ഷേപിച്ചാൽ, നിന്ദിച്ചാൽ.. അപ്പോൾ ഇങ്ങനെയുള്ള ആത്മാവിനും തന്റെ ശുഭ ഭാവന, ശുഭകാമനയിലൂടെ, മനോവൃത്തിയിലൂടെ, സ്ഥിതിയിലൂടെ ഗുണദാനം അല്ലെങ്കിൽ സഹനശീലതയുടെ ശക്തിയുടെ വരദാനം നൽകൂ. ക്രോധി ആത്മാവ് പരവശമാണ്, ഇങ്ങനെയുള്ള പരവശ ആത്മാവിനെ ദയയുടെ ശീതള ജലത്തിലൂടെ ശാന്തമാക്കിക്കൊടുക്കൂ, ഇത് താങ്കൾ വരദാനി ആത്മാവിന്റെ കർത്തവ്യമാണ്. ചൈതന്യത്തിൽ എപ്പോൾ താങ്കളിൽ ഇങ്ങനെയുള്ള സംസ്കാരം നിറഞ്ഞിരിക്കുന്നു അപ്പോൾ ജഡചിത്രങ്ങളിലൂടെ ഭക്തർക്ക് വരദാനം ലഭിക്കുന്നു.

## സ്ലോഗൻ:– ഓർമ്മയിലൂടെ സർവ ശക്തികളുടെയും ഖജനാവ് അനുഭവം ചെയ്യുന്നവർ തന്നെയാണ് ശക്തിസമ്പന്നമാകുന്നത്.